**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐടിഐ കളിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം പ്രവേശന നടപടികൾ സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ ഓൺലൈനായി ആരംഭിക്കാൻ കഴിഞ്ഞു. കോവിഡിന്റെ പശ്ചാത്തലത്തിൽ എല്ലാ ഐടിഐകളിലെയും പരിശീലനാർത്ഥികൾക്ക് ഓൺലൈനായും അല്ലാതെയും പരമാവധി ദിവസങ്ങളിൽ പരിശീലനം നല്കിയിട്ടുണ്ട്. ഓൺലൈനായി പരിശീലനം നല്കുന്ന വിഷയം വകുപ്പിലെ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ മോണിറ്റർ ചെയ്തു വരുന്നു. റഗുലർ പരിശീലനം നല്കിയ ദിവസങ്ങളിൽ ഉച്ചഭക്ഷണം, പോഷകാഹാരം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ മാസങ്ങളിലും പ്രതിമാസ സ്റ്റൈപ്പന്റും നല്കുന്നു. ഭൗതിക സാഹചര്യങ്ങൾ പരിമിതമായ ഐടിഐകളിൽ പുതിയ കെട്ടിടം നിർമ്മിച്ചും അറ്റകുറ്റ പണികൾ നടത്തിയും പഠന സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പരിശീലനാർത്ഥികളുടെ പ്രായോഗിക പരിശീലനത്തിനും റഗുലർ പരിശീലനത്തിനുമുള്ള പഠനോപകരണങ്ങളും ആവശ്യാനുസരണം സംഭരിക്കുന്നുണ്ട്. ഇപ്രകാരം വ്യാവസായിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനാർത്ഥികൾക്ക് പരിശീലനം നല്കുന്നതിന് പ്രത്യേക പരിഗണന നല്കി വരുന്നു. നിലവിലെ കോവിഡിന്റെ പശ്ചാത്തലത്തിൽ അവസാന വർഷത്തെ വിജയശതമാനം, പ്ലെയ്സ്മെന്റ് എന്നിവ വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വ്യവസായ പരിശീലനത്തിനായി കേന്ദ്രസഹായ പദ്ധതികൾ | (ബി) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐടിഐകളുടെ നിലവാരമുയർത്തുന്നതിനായി |

| | | | |
|---|---|---|---|
| | നിലവിലുണ്ടോ; വിശദമാക്കാമോ; | | കേന്ദ്ര സർക്കാർ ആവിഷ്കരിച്ച Upgradation of Government ITIS through Public Private Partnership (PPP) എന്ന പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിലെ മര്യാപുരം ഐടിഐ, പത്തനംതിട്ട ജില്ലയിലെ പന്തളം ഐടിഐ, പാലക്കാട് ജില്ലയിലെ മംഗലം ഐടിഐ, കോഴിക്കോട് ജില്ലയിലെ ഏലത്തൂർ ഐടിഐ എന്നിവയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഐടിഐകളിൽ മംഗലം, ഏലത്തൂർ എന്നീ ഐടിഐകൾ 2010-11 കാലഘട്ടത്തിലും മര്യാപുരം, പന്തളം എന്നീ ഐടിഐകൾ 2011-12 കാലഘട്ടത്തിലുമാണ് പദ്ധതിയിലുൾപ്പെടുത്തിയത്. പദ്ധതിയുടെ ഭാഗമായി 2.5 കോടി രൂപ വീതം ഓരോ ഐടിഐകൾക്കും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഓരോ ഐടിഐകളിലും Institute Management Committee രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി Institute Development Plan തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. നിലവിലുള്ള ട്രേഡുകളുടെ ആവശ്യത്തിനും പുതുതായി ആരംഭിച്ച ട്രേഡുകളുടെ ആവശ്യത്തിനും പദ്ധതി പ്രകാരം ലഭിച്ച കേന്ദ്ര ഫണ്ട് ഉപയോഗിക്കാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള കോഴ്സുകൾക്ക് പുറമേ മര്യാപുരം ഐടിഐയിൽ സർവ്വേയർ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), പന്തളം ഐടിഐയിൽ ഇലക്ട്രീഷ്യൻ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), മംഗലം ഐടിഐയിൽ സർവ്വേയർ, ഏലത്തൂർ ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ ട്രേഡുകളും ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വ്യവസായ പരിശീലനത്തിനായി കേന്ദ്ര സഹായ പദ്ധതികൾ നിലവിലില്ല. |
| (സി) | പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലികരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള വ്യാവസായിക പരിശീലനം കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നത് ലക്ഷ്യം വച്ചുകൊണ്ട് ഭൂരിഭാഗം ഐടിഐകളിലും കെട്ടിട സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകവത്സര ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐടിഐകളിൽ നിലവിലുള്ള ട്രേഡിന്റെ അധിക ബാച്ച് ആരംഭിക്കുന്നതിനും, പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ള ഐടിഐകളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ഐറ്റിഡിപി യുടെ അധികാര പരിധിയിലുള്ള നാട്ടുകാണി |

| | | | |
|---|---|---|---|
| | | | ഐടിഐയിൽ 3.84 കോടി രൂപ മുടക്കി പുതിയ അക്കാഡമിക് ബ്ലോക്കിന്റെയും 3.31 കോടി രൂപ മുടക്കി 100 പേർക്ക് താമസ സൗകര്യമുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തിച്ചുവരുന്ന ഇലക്ട്രീഷ്യൻ, പ്ലംബർ ട്രേഡുകൾക്കു പുറമേ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), കമ്പ്യൂട്ടർ പ്രോഗ്രാമർ കം പ്രോഗ്രാമിംഗ് (COPA), സോളാർ ടെക്നീഷ്യൻ ഇലക്ട്രിക്കൽ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ) എന്നീ കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. |
| (ഡി) | പുതിയ കാലത്തിന്റെ തൊഴിലവസരങ്ങളും വ്യവസായ സാധ്യതകളും കണക്കിലെടുത്ത് ഈ വിഭാഗങ്ങൾക്കായുള്ള വ്യവസായ പരിശീലന പരിപാടികൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി വികസന വകുപ്പിന്റെ ഐടിഐകളിൽ പുതിയ കാലത്തിന്റെ തൊഴിലവസരങ്ങളും വ്യവസായ സാധ്യതകളും ലക്ഷ്യം വച്ചുകൊണ്ട് നിലവിൽ ഏകവത്സര ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐടിഐകളിൽ പ്രസ്തുത ട്രേഡിന്റെ അധിക ബാച്ച് ആരംഭിക്കുന്നതിനും, പുതിയ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ള ഐടിഐകളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ പരിശോധിച്ചു വരുന്നു. പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രങ്ങൾക്ക് പുറമേ പുതിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് നൈപുണ്യ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ASAP(Additional Skill Aquisition Programme), KASE(Kerala Academy for Skills Excellence), DDUGKY (Deen Dayal Upadhaya Grameen Kaushalya Yogana)എന്നിവയുമായി ചേർന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ